**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - താപനിലയിലെ വർദ്ധനവ്, ശുദ്ധജലദൗർലഭ്യം, പകർച്ച വ്യാധികൾ തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും തദ്ദേശ സ്വയംഭരണ വകുപ്പിൽ ഒരു സെൽ രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.762/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 30/03/2019

---

**ഉത്തരവ്**

സംസ്ഥാനത്ത് താപനിലയിലെ വർദ്ധനവ്, ശുദ്ധജല ദൗർലഭ്യം, പകർച്ച വ്യാധികൾ തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർ യഥാക്രമം പഞ്ചായത്തുകളിലും, നഗരപരിധികളിലും ഉള്ള ശുദ്ധജല ലഭ്യത നിരിക്ഷിക്കേണ്ടതും കുടിവെള്ള വിതരണം ആവശ്യമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിലേക്ക് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും, നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരും റിപ്പോർട്ട് ആഴ്ചതോറും യഥാക്രമം പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് ലഭ്യമാക്കേണ്ടതും, ക്രോഡീകരിച്ച റിപ്പോർട്ട് lsgd.fm@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. അടിയന്തര സാഹചര്യം ഉണ്ടാകുന്ന പക്ഷം ഇതു സംബന്ധിച്ച് ദിവസേനയുള്ള നിരീക്ഷണ റിപ്പോർട്ടുകളും ലഭ്യമാക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ഓഫീസർ, ബന്ധപ്പെട്ട അസിസ്റ്റന്റ് എന്നിവരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ഡോ. മിത്ര.റ്റി .ഐ.എ.എസ്

സെക്രട്ടറി എൽ.എസ്.ജി.(അർബൻ)വകുപ്പ് I/c

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം/എറണാകുളം/കോഴിക്കോട്.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ത.സ്വ.ഭ.വ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
ജലവിഭവ വകുപ്പ് /റവന്യൂ വകുപ്പ് / ധനകാര്യ വകുപ്പ് /കൃഷി വകുപ്പ്/പൊതുഭരണ (എസ്.സി) വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.